**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2857** **13-12-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിലെ പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പിൽ പ്രഖ്യാപിച്ചിട്ടുളള പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (എ) | **കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി-**<br><br>സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾ ഫലപ്രദമായി വിനിയോഗിക്കാതെ പ്രതിസന്ധിയിലാകുന്ന സംഘങ്ങളെ പുനരുദ്ധരിപ്പിക്കാൻ ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>**സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി (കോപ്പ്കെയർ)**<br><br>ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>**യുവജന സഹകരണ സംഘങ്ങൾ**<br><br>സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവ സംരംഭകർക്കും സേവനദാതാക്കൾക്കുമായി സംസ്ഥാനത്ത് യുവാക്കളുടെ 30 സഹകരണ സംഘങ്ങൾ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി സംഘങ്ങൾ സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ ഓരോ സംഘത്തിനും 10 ലക്ഷം രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>**പട്ടിക ജാതി/പട്ടിക വർഗ്ഗ യുവജന സഹകരണ സംഘങ്ങൾ**<br><br>പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ ഉന്നമനത്തിനായി പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്കായി ഒരു ജില്ലയിൽ ഒരു പട്ടികജാതി/പട്ടിക വർഗ്ഗ യുവജന |

സഹകരണ സംഘം രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് 14 സംഘങ്ങൾ പ്രവർത്തിച്ച് വരുന്നു. ടി സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി സംഘങ്ങൾ സമർപ്പിക്കുന്ന വിവിധ പദ്ധതികളുടെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**കലാകാരൻമാരുടെ സഹകരണസംഘം**

കോട്ടയം ആസ്ഥാനമാക്കി കലാകാരൻമാരുടെ സഹകരണസംഘം - Kerala State Artist & Artistes Co-operative Society Ltd. No. 4506 (AARTICS) എന്ന പേരിൽ 15.02.2022-ൽ രജിസ്റ്റർ ചെയ്ത് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

**സ്നേഹതീരം**

കേരളത്തിലെ കടൽത്തീരവും കായലോരവുമുള്ള തീരദേശത്തെ മത്സ്യബന്ധന തൊഴിലാളികളേയും മത്സ്യവിപണന തൊഴിലാളികളേയും ബ്ലേഡ് പലിശക്കാരിൽ നിന്നും ഒഴിവാക്കി സഹകരണ മേഖല വഴി ലളിതമായ നടപടി ക്രമങ്ങളിലൂടെ വായ്പ ലഭ്യമാക്കുന്ന പദ്ധതിയാണ് “സ്നേഹതീരം വായ്പ പദ്ധതി”.

**സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS)**

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

**പുനർജ്ജനി പദ്ധതി**

സംസ്ഥാനത്ത് സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി – പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയായ പുനർജ്ജനി പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

**സഹകരണ സൗഹൃദം**

ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ അവസരങ്ങൾ ആരംഭിക്കുന്നതിനുള്ള

വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു.

**സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി**

സംസ്ഥാനത്തെ സഹകരണ മേഖല കാർഷിക മേഖലയുടെ വളർച്ചക്ക് സഹായകമാകുന്ന വിധം കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, ചില്ലറ വിൽപ്പന എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം സഹകരണ മേഖലയിൽ ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി**.**

**സമഗ്ര കാർഷിക വികസന പദ്ധതി (PACS വഴി)**

പ്രാഥമികസംഘങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശത്തെ പുരയിടങ്ങളെ ഉപയോഗപ്പെടുത്തി, കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും വേണ്ടി വലുതും ചെറുതുമായ പച്ചക്കറി കൃഷി, അടുക്കളത്തോട്ടം, ടെറസ് കൃഷി എന്നിവയിലൂടെ കാർഷിക വിളകളുടെ ഉത്പാദനം, സംഭരണം, വിപണനം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിയും കാർഷിക ഉത്പന്നങ്ങൾക്ക് ന്യായ വില ഉറപ്പാക്കിയും, അതോടൊപ്പം കാർഷിക അനുബന്ധപ്രവർത്തനങ്ങളായ മത്സ്യബന്ധനം, മൃഗസംരക്ഷണം എന്നിവയെ പരിപോഷിപ്പിച്ചുകൊണ്ടും കർഷകർക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

CAPE ന്റെ ആഭിമുഖ്യത്തിൽ നൈപുണ്യ വികസന പരിശീലന കേന്ദ്രം ആരംഭിച്ചു.

**<u>അംഗ സമാശ്വാസ നിധി-</u>**

കാൻസർ രോഗികൾ, വൃക്ക രോഗികൾ തുടങ്ങിയ മാരകരോഗം ബാധിച്ച സഹകാരികൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ഇതുവരെ 66 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

- സഹകരണ സാന്ത്വനം പദ്ധതി നടപ്പിലാക്കി.
- ജീവനക്കാർക്ക് മെഡിക്കൽ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | • ആഡിറ്റ് വിഭാഗം നവീകരിക്കുന്നതിനായി ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ